പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 784 | 04/03/2020 ൽ മറുപടിക്ക്

**കേരളാ ചിക്കൻ പദ്ധതിയുടെ വിപുലീകരണവും വിപണനവും**

ചോദ്യം | മറുപടി

**ശ്രീ.എം. സ്വരാജ്**

**അഡ്വ .കെ.രാജു**
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ കേരളാ ചിക്കൻ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ; | (എ) | മൃഗസംരക്ഷണ വകുപ്പ്, കെപ്‌കോ,മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ,ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി,കുടുംബശ്രീ എന്നീ സ്റ്റേക്ക് ഹോൾഡേഴ്സുമായി സഹകരിച്ചുകൊണ്ടാണ് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്. ബ്രീഡർ ഫാമുകളിൽ നിന്നും വിരിയിച്ചെടുക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയാണ് തിരെഞ്ഞെടുത്ത കർഷകർക്ക് നൽകുന്നത്. (1000 കോഴിക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്നതാണ് ഒരു യൂണിറ്റ്). 40-45 ദിവസം പ്രായമായ ഇറച്ചിക്കോഴികളെ വിവിധ യൂണിറ്റുകളിൽ നിന്നും തിരികെയെടുത്ത് പ്രോസസ്സിംങ്ങ് പ്ലാന്റിൽ സംസ്കരിച്ച് വിവിധ ഏജൻസികളിലൂടെ വിറ്റഴിക്കപ്പെടുന്നു.<br><br>ബ്രോയിലർ മാർക്കറ്റിന്റെ 5% നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി തുടങ്ങിയിട്ടുള്ളത്. ഒന്നാം വർഷം 650 പുതിയ ബ്രോയിലർ ഫാമുകൾ തുടങ്ങുക വഴി 19.5 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉത്പ്പാദിപ്പിക്കാൻ കഴിയും. 2730 ടൺ ശുദ്ധമായ ബ്രോയിലർ കോഴിയിറച്ചി ശാസ്ത്രീയമായ പരിശോധനയ്ക്കു ശേഷം "കേരള ചിക്കൻ" എന്ന ലേബലിൽ വിൽക്കുക, ഇതുമൂലമുണ്ടാകുന്ന പൗൾട്രി വേസ്റ്റുകൾ ശാസ്ത്രീയമായി സംസ്കരിക്കുക എന്നിവയാണ് കേരളാ ചിക്കന്റെ പ്രധാന പ്രവർത്തനങ്ങൾ. ബ്രോയിലർ മാർക്കറ്റിന്റെ 20% നേടിയെടുക്കുക എന്നതാണ് അടുത്ത വർഷം ലക്ഷ്യമിടുന്നത്. അതിലേക്കായി അടുത്ത വർഷം പുതിയതായി 1950 ഫാമുകൾ (1000 കോഴികൾ വീതം ഉള്ളത്) തുടങ്ങുവാനും കോഴിയിറച്ചി ഉല്പാദനം 25480 എംടി ആയി ഉയർത്തുവാനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ പൗൾട്രി വെയിസ്റ്റ് സംസ്കരിക്കുന്നതിന് പുതിയ റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാനും 'കേരള ചിക്കൻ ഷോപ്പീ' എന്ന പേരിൽ ചിക്കൻഔട്ട് ലെറ്റ്കൾ സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ബ്രഹ്മഗിരിയുടെയും ബ്രഹ്മഗിരി ഫാർമേഴ്സ് സൊസൈറ്റിയുടെയും കൂട്ട ഉടമസ്ഥതയിൽ സർക്കാർ സഹായത്തോടെ 50,000 കോഴികളുള്ള മെഗാ വെങ്കോബ് |

| | | | |
|---|---|---|---|
| | | | ബ്രീഡർ ഫാം അട്ടപ്പാടിയിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഇത് സാധ്യമാകുക വഴി മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ 1000 ഫാമുകൾ, 115 ഔട്ട് ലെറ്റുകൾ എന്നിവയാണ് അടുത്ത ഒരു വർഷം കൊണ്ട് പ്ലാൻ ചെയ്യുന്നത്. ബ്രീഡർ ഫാമുകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങൾ അന്നുമുതൽ കോഴിയിറച്ചിയാക്കി വിപണനം നടത്തുന്നതുവരെ മൃഗസംരക്ഷണവകുപ്പിന്റെ മോണിറ്ററിംഗിന് വിധേയമായിരിക്കും. ഇതിനായി ഒരു സോഫ്റ്റ് വെയർ ഉണ്ടാക്കാൻ ഈ പ്രോജക്റ്റ് നിർദ്ദേശിക്കുന്നു. അതിനാൽ വിപണനം ചെയ്യുന്ന കോഴിയിറച്ചി ഏത് ഫാമിൽ നിന്ന് ഉത്പാദിപ്പിച്ചുവെന്നും ആ കോഴിക്കുഞ്ഞുങ്ങൾ ഏത് ഹാച്ചറിയിൽ നിന്നും നൽകിയതാണെന്നും അറിയുവാൻ ഉപഭോക്താവിന് സാധിക്കുമെന്നുള്ളത് ഈ പ്രോജക്റ്റിന്റെ പ്രത്യേകതയാണ്. കോഴി വളർത്തൽ മേഖലയിലേക്ക് കർഷകരെ ആകർഷിക്കുക, അവർക്ക് ന്യായമായ വില ഉറപ്പാക്കുക, സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താവിന് നൽകുക എന്നിവ പദ്ധതി ലക്ഷ്യങ്ങളാണ് ഇതുവഴി ഈ മേഖലയിൽ നിലനിന്നുവരുന്ന അനാരോഗ്യകരമായ പല പ്രവണതകളും ചൂഷണങ്ങളും അവസാനിപ്പിക്കാൻ ഒരു പരിധിവരെ സാധിക്കുമെന്ന് വിലയിരുത്തുന്നു. കേരള ചിക്കൻ പദ്ധതി പൂർണ്ണമായ രീതിയിൽ സജ്ജമാകാൻ ഏകദേശം 2 വർഷം എടുക്കും. ഫാമുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക, കർഷക ഫാമുകൾ വർദ്ധിപ്പിക്കുക, പ്രോസസിംങ്ങ് യൂണിറ്റുകൾ,റെൻഡറിംഗ് യൂണിറ്റുകൾ, സെയിൽസ് പോയിന്റുകൾ എന്നിവ കൂട്ടുക എന്നിങ്ങനെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയത് സംബന്ധിച്ച പദ്ധതി നിർദ്ദേശം തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട് പ്രസ്തുത പദ്ധതിക്കായുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എത്ര ഔട്ട് ലെറ്റുകളിലൂടെയാണ് നിലവിൽ ഇവയുടെ വിപണനം നടക്കുന്നതെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ; | (ബി) | ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് 7 ഔട്ട് ലെറ്റ്കളാണ് ഉള്ളത്.<br>1. ആനമങ്ങാട്-മലപ്പുറം<br>2. പെരിന്തൽമണ്ണ-മലപ്പുറം<br>3. മക്കരപ്പറമ്പ്-മലപ്പുറം<br>4. കരിങ്കല്ലത്താണി-മലപ്പുറം<br>5. കരുവാരക്കുണ്ട്-മലപ്പുറം<br>6. ചട്ടിപറമ്പ്-മലപ്പുറം<br>7. മണ്ണാർക്കാട്-പാലക്കാട്<br>കുടുംബശ്രീയ്ക്ക് നിലവിൽ കേരള ചിക്കൻ ഔട്ട് ലെറ്റ്കൾ ഇല്ല. എന്നാൽ എറണാകുളം, തൃശ്ശൂർ,കോട്ടയം ജില്ലകളിലായി 40 ഔട്ട് ലെറ്റുകൾ തുടങ്ങാൻ പദ്ധതിയുണ്ട്. |
| (സി) | ഇവയുടെ വിപണനം വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം | (സി) | കേരള ചിക്കൻ പദ്ധതി പൂർണ്ണമായ രീതിയിൽ പ്രവർത്തന സജ്ജമാകാൻ ഏകദേശം 2 വർഷം എടുക്കും. ആദ്യ വർഷം 5 % വും അടുത്ത വർഷം 20 % വും മാർക്കറ്റ് ഷെയർ |

| | | | |
|---|---|---|---|
| | അറിയിക്കുമോ? | | നേടിയെടുക്കുക എന്നതാണ് ലക്ഷ്യം. അതിനായി ഫാമുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക, കർഷക ഫാമുകൾ വർദ്ധിപ്പിക്കുക, പ്രോസസിംങ്ങ് യൂണിറ്റുകൾ,റെൻഡറിംഗ് യൂണിറ്റുകൾ, സെയിൽസ് പോയിന്റുകൾ എന്നിവ കൂട്ടുക എന്നിവയാണ് വിഭാവനം ചെയ്തിരിക്കുന്നത്. കുടുംബശ്രീയുടെ കീഴിൽ തിരുവനന്തപുരം കഠിനംകുളത്തെ പൗൾട്രി പ്രോസ്സസ്സിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലൂടെ 200 ഔട്ട് ലെറ്റുകൾ മുഖേന കേരള ചിക്കൻ മാർക്കറ്റിൽ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ